# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2004 | 16.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി എസ് ടി പ്രകാരമുള്ള വില

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി എസ് ടി നടപ്പാക്കിയതിനു ശേഷം സംസ്ഥാനത്തിനു ലഭിച്ച നികുതി വരുമാനം എത്ര; ; നികുതി വരുമാനത്തിൽ എത്ര കുറവു വന്നിട്ടുണ്ടെങ്കിൽ അതു തരണം ചെയ്യുവാനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ; | (എ) | ജി.എസ്.ടി ഒരു പുതിയ നികുതി സമ്പ്രദായമാണ്. ഇത് 2017 ജൂലൈ 1 മുതലാണ് നടപ്പിലാക്കിയത്. വ്യാപാരികൾക്ക് ജൂലൈ മാസത്തെ പ്രാഥമിക റിട്ടേൺ സമർപ്പിക്കുന്നതിനുള്ള തീയതി ആഗസ്റ്റ് 20 ആണ്. അതിനുശേഷം മാത്രമേ നികുതിവരുമാനത്തെക്കുറിച്ച് കണക്കെടുക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | നടപ്പു സാമ്പത്തിക വർഷം വ്യാപാരികൾ കണക്കുകൾ സമർപ്പിക്കേണ്ടുന്ന കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ; ജി എസ് ടി നടപ്പാക്കുന്നതിനു മുൻപും പിൻപുമുള്ള കണക്കുകൾ എപ്രകാരമാണ് സമർപ്പിക്കേണ്ടത് ;ഇതിനായി പുതുക്കിയ ബിൽ മാതൃക തയ്യാറാക്കിയിട്ടുണ്ടോ ;എങ്കിൽ മാതൃകയുടെ പകർപ്പു സഹിതം വിശദാംശം ലഭ്യമാക്കുമോ; | (ബി) | നടപ്പു സാമ്പത്തിക വർഷം വ്യാപാരികൾ കണക്കുകൾ സമർപ്പിക്കേണ്ട കാലാവധി 2018 ഡിസംബർ 31 ആണ്. ജി.എസ്. ടി നടപ്പാക്കുന്നതിനു മുൻപും പിൻപുമുള്ള കണക്കുകൾ സമർപ്പിക്കേണ്ട മാതൃക അധികം താമസിയാതെ പ്രസിദ്ധീകരിക്കുന്നതാണ്. |
| (സി) | ജി എസ് ടി നടപ്പാക്കിയ ശേഷം ഇതര സംസ്ഥാനത്തു നിന്നുമെത്തുന്ന ഉല്പന്നങ്ങൾക്ക് ജി എസ് ടി പ്രകാരമുള്ള വില താരതമ്യപ്പെടുത്തിയിട്ടുണ്ടോ, എങ്കിൽ ഏതെല്ലാം ഉല്പന്നങ്ങൾക്ക് എന്നും ജി എസ് ടി വിലയിൽ മാത്രം ഉല്പന്നങ്ങളുടെ പൂർണ്ണ വിപണനം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നും | (സി) | ഇപ്പോൾ പൊതുവെ നിലവിലുള്ള സ്റ്റോക്കാണ് വ്യാപാരികൾ വിറ്റഴിക്കുന്നത്. നിലവിലുള്ള സ്റ്റോക്കിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണെങ്കിലും ജി.എസ്.ടി യുടെ ശരിയായ impact മനസ്സിലാക്കാൻ അത് നടപ്പിലായശേഷം ഉല്പാദിപ്പിക്കുന്ന സാധനങ്ങളുടെ വില്പന നടക്കുമ്പോഴേ സാധിക്കുകയുള്ളൂ. ഇതിനുശേഷം മാത്രമേ വിലകളുടെ താരതമ്യവും |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | ജി.എസ്.ടി പ്രകാരമുള്ള ഉല്പന്നങ്ങളുടെ പൂർണ്ണ വിപണനവും സാധിക്കുകയുള്ളൂ. |
| (ഡി) | ജിഎസ് ടി നടപ്പാക്കിയതിനുശേഷം കച്ചവടക്കാർ ഉല്പന്നങ്ങൾക്ക് കൃത്രിമ ക്ഷാമവും അമിത വിലയും ഈടാക്കുന്ന പരാതി സർക്കാർ പരിശോധിച്ചുവോ, വിശദാംശം വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം ചില മേഖലകളിൽ കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം മേഖലകളിലെ വ്യാപാരികളുമായും വ്യാപാര സംഘടനകളുമായും ചർച്ച നടത്തുകയും പ്രശ്നപരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | സർക്കാരിന്റെ പുതിയ ബിൽ ഫോർമേറ്റ് (ജി എസ് ടി പ്രകാരമുള്ളത്) പ്രകാരം വ്യാപാരശാലകളിൽ ബിൽ നല്കുവാനും ആയതു പരിശോധിക്കാൻ നികുതി വകുപ്പു ജീവനക്കാരെ പരിശീലിപ്പിക്കാനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും ഇത് കുറ്റമറ്റ രീതിയിൽ എപ്പോൾ നടപ്പാക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ; | (ഇ) | ജി.എസ്.ടി പ്രകാരം വിവിധതരം വ്യാപാരികൾ നൽകേണ്ട ബില്ലുകളുടെ ഫോർമാറ്റ് തയ്യാറാക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. നിലവിൽ ബില്ലുകൾ പരിശോധിച്ചിരുന്ന രീതിയിൽത്തന്നെയാണ് ജി.എസ്.ടി നിയമപ്രകാരവും ബിൽ പരിശോധന നടത്തേണ്ടത്. ഇതിനായി ജീവനക്കാർക്ക് പ്രത്യേക പരിശീലനത്തിന്റെ ആവശ്യമില്ല. |
| (എഫ്) | കോഴിയിറച്ചി ഉൾപ്പെടെ പല ഉപഭോക്തൃ ഉല്പന്നങ്ങൾക്കും വ്യാപാരികൾ വില പ്രദർശിപ്പിക്കാതെ പല വിലയ്ക്കു വില്ക്കുന്നതു തടയുവാൻ എല്ലാ വ്യാപാരികളും അവർ വിപണനം നടത്തുന്ന സാധനങ്ങളുടെ ജി എസ് ടി പ്രകാരമുള്ള വില പ്രദർശിപ്പിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (എഫ്) | വ്യാപാരികൾ വില വിവരം പ്രദർശിപ്പിക്കണം എന്ന നിബന്ധന നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ